പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 6366 08.11.2016-ൽ മറുപടിക്ക്

വിമുക്ത ഭടന്മാർക്ക് വെയിറ്റേജ് മാർക്ക്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എൻ .വിജയൻപിള്ള | ശ്രീ.പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) വിമുക്ത ഭടന്മാർക്ക് ഇൻഡ്യാ ഗവൺമെന്റ് നൽകുന്ന ഡിഗ്രി സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ പി.എസ്.സി.നിയമനങ്ങൾക്കായി നൽകി വന്നിരുന്ന വെയിറ്റേജ് മാർക്ക് ഇപ്പോൾ നൽകുന്നില്ല എന്നുള്ള കാര്യം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ ; | (എ) & (ബി) 13.03.2012-ലെ G.O.(P)No.15/12/P&ARD നമ്പർ സർക്കാർ ഉത്തരവു പ്രകാരം 15 വർഷം സേവനമുള്ള Exservicemen/Defence Personal - ന് SSLC/ തത്തുല്യ യോഗ്യത ഉള്ള പക്ഷം ബിരുദം മിനിമം യോഗ്യതയായി നിഷ്ക്കർഷിച്ചിട്ടുള്ള Class III തസ്തികകൾക്ക് യോഗ്യത നേടിയിട്ടുള്ളതായി കണക്കാക്കി വരുന്നു. |
| (ബി) പ്രതികൂല സാഹചര്യങ്ങളിൽ സേവനമനുഷ്ഠിക്കുന്ന ഒരു സൈനികന് സർവ്വീസ് കാലയളവിൽ ഒരു റെഗുലർ ഡിഗ്രി നേടുകയെന്നത് പ്രയാസമായിരിക്കെ ഗവൺമെന്റ് ഓഫ് ഇൻഡ്യാ അവർക്ക് നൽകുന്ന ഡിഗ്രി സർട്ടിഫിക്കറ്റ് പി.എസ്.സി അംഗീകരിക്കുമോയെന്ന് വ്യക്തമാക്കാമോ ; | |
| (സി) വിമുക്ത ഭടന്മാർക്ക് പി.എസ്.സി. നിയമനങ്ങൾക്ക് വെയിറ്റേജ് മാർക്ക് നൽകുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ ? | (സി) വിമുക്ത ഭടന്മാർക്ക് അവരുടെ സേവനകാലയളവിന് ആനുപാതികമായി പി.എസ്.സി നിയമനങ്ങളിൽ വെയിറ്റേജ് മാർക്ക് അനുവദിച്ചിട്ടുണ്ട്. Gallantry Award-ഉം മറ്റ് അവാർഡുകളും ലഭിച്ചിട്ടുള്ളവർക്ക് സേവനകാലത്തിന് ആനുപാതികമായി നൽകി വരുന്ന വെയിറ്റേജ് മാർക്കിനു പുറമേ പ്രത്യേക വെയിറ്റേജ് മാർക്കും അനുവദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ